അനധികൃത കെട്ടിടനിർമ്മാണം

28 (*598) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിടനിർമ്മാണ നിയമങ്ങളും, താമസിക്കുന്നവരുടെ സുരക്ഷയും അവഗണിച്ച് സംസ്ഥാനത്ത് അനധികൃത കെട്ടിടങ്ങൾ ഉയർന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വൻകിട വാണിജ്യ സമുച്ചയങ്ങളുടെ നിർമ്മാണത്തിലെ നിയമലംഘനങ്ങൾ കണ്ടെത്തുന്നതിലും നിയന്ത്രിക്കുന്നതിലും വകുപ്പ്എത്രത്തോളം വിജയിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(സി) അഴിമതിക്കാരായ ഉദ്യോഗസ്ഥരെ ടൗൺ പ്ലാനിംഗ് വകുപ്പിന്റെ ബന്ധപ്പെട്ട സെക്ഷനുകളിൽ നിന്നും മാറ്റി നിർത്താൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ&ബി) സംസ്ഥാനത്ത് വൻകിട വാണിജ്യസമുച്ചയങ്ങൾ ഉൾപ്പെടെയുള്ള നിർമ്മാണങ്ങളിൽ ചട്ടലംഘനങ്ങളോടെയുള്ള നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനായി ചീഫ് ടൗൺ പ്ലാനർ വിജിലൻസിന്റെ നേതൃത്വത്തിൽ നിലവിലുള്ള വിജിലൻസ് സെൽ വിപുലീകരിച്ചിട്ടുണ്ട്. പ്രസ്തുത വിജിലൻസ് സെൽ സംസ്ഥാനത്തുടനീളം 1585-ഓളം അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഉറസ്സായ സ്ഥലം, എഫ്.എ.ആർ. പാർക്കിംഗ്, അഗ്നിസുരക്ഷാ കോണിപ്പടി, വിവിധ വകുപ്പുകളിൽ നിന്നും ചട്ടപ്രകാരം ആവശ്യമായ നിരാക്ഷേപപത്രം ലഭിക്കാത്തവ തുടങ്ങിയ കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ലംഘനമാണ് വ്യാപകമായി കണ്ടുവരുന്നത്. പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള അനധികൃത നിർമ്മാണങ്ങൾക്കെതിരെ ചട്ടപ്രകാരം നടപടികൾ സ്വീകരിച്ച് വരുന്നു. അനധികൃത നിർമ്മാണങ്ങൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർ, രജിസ്റ്റേർഡ് ആർക്കിടെക്ട്, ബിൽഡിംഗ് ഡിസൈനർ, എഞ്ചിനീയർ, ടൗൺ പ്ലാനർ, സൂപ്പർവൈസർ എന്നിവർക്കെതിരെയും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ചട്ടം 157 പ്രകാരം അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനുവേണ്ടി ജില്ലാതല വിജിലൻസ് സ്ക്വാഡ് നിലവിലുണ്ട്. പ്രസ്തുത സ്ക്വാഡ് അതാതു

LIBRARY ARCHIVES Kerala Legislative Assembly

ജില്ലകളിൽ പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചുവരുന്നു. വിജിലൻസ് സംവിധാനം ശക്തി പ്രാപിച്ചതോടെ അനധികൃത നിർമ്മാണങ്ങൾ നിയന്ത്രിക്കുന്നതിന് ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്.

(സി) അഴിമതിക്കാരെന്ന് തെളിയുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

രോഗികൾക്ക് സൗജന്യ ഭക്ഷണം നൽകുന്ന പദ്ധതി

29 (*599) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. റ്റി. ടി. ബൽറാം :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശുപത്രികളിലെ രോഗികൾക്ക് സൗജന്യ ഭക്ഷണം നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) വിശപ്പുരഹിത നഗരം എന്ന പേരിൽ ആശുപത്രികളിലെ രോഗികൾക്ക് സൗജന്യ ഭക്ഷണം നൽകുന്ന പദ്ധതി കേരള സാമൂഹ്യസുരക്ഷ മിഷൻ വഴി നടപ്പാക്കിയിട്ടുണ്ട്. നിലവിൽ കോഴിക്കോട്, മലപ്പുറം, കൊല്ലം, തിരുവനന്തപുരം നഗരങ്ങളിലാണ് പദ്ധതി നടപ്പാക്കിവരുന്നത്.

(ബി) അപ്രതീക്ഷിത സന്ദർഭങ്ങളിൽ നഗരങ്ങളിലെ ആശുപത്രികളിൽ എത്തിച്ചേരുന്ന രോഗികളും അവരുടെ കൂട്ടിരുപ്പുകാരും സാമ്പത്തിക ബുദ്ധിമുട്ട് കാരണം ഭക്ഷണം കഴിയ്ക്കാതെ വിശന്നിരിക്കുന്ന സാഹചര്യമുണ്ടാകാറുണ്ട്. ഇത്തരത്തിലുള്ളവർക്ക് സൗജന്യമായി ഉച്ചഭക്ഷണം നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) പദ്ധതിയുടെ നടത്തിപ്പുമായി ബഡ്ജറ്റ് വിഹിതം അനുവദിച്ച് നൽകാറുണ്ട്. നടപ്പുസാമ്പത്തിക വർഷം 1,90,00,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kérala Legislative Assembly